**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 556** **11-06-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായ ഘടകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതുമാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.<br><br>കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി.<br><br>സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാനവർദ്ധനവിലൂടെ നികത്തുവാൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം. എന്നാൽ, ധവളപത്രം ഇറക്കേണ്ട സാഹചര്യം നിലവിൽ ഉള്ളതായി കാണുന്നില്ല. ടി സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വ്യക്തമായ |

| | | | |
|---|---|---|---|
| | | | റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. വരുമാനം വർദ്ധിപ്പിച്ചും ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ പ്രതികൂല സാഹചര്യം തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു പോരുന്നത്. |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റിൽ സംഭവിച്ച വീഴ്ച പരിഹരിക്കുവാനും സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുവാനും ധവളപത്രം പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതുമാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.<br><br>കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി.<br><br>സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാനവർദ്ധനവിലൂടെ നികത്തുവാൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം. എന്നാൽ, ധവളപത്രം ഇറക്കേണ്ട സാഹചര്യം നിലവിൽ ഉള്ളതായി കാണുന്നില്ല. ടി സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. വരുമാനം വർദ്ധിപ്പിച്ചും ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ പ്രതികൂല സാഹചര്യം തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു പോരുന്നത്. |
| (സി) | സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുവാനും സാമ്പത്തിക തകർച്ചയ്ക്ക് കാരണമായിട്ടുള്ളതുമായ | (സി) | കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് |

| | | | |
|---|---|---|---|
| | ഘടകങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതുമാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.<br><br>കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി.<br><br>സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാനവർദ്ധനവിലൂടെ നികത്തുവാൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം. എന്നാൽ, ധവളപത്രം ഇറക്കേണ്ട സാഹചര്യം നിലവിൽ ഉള്ളതായി കാണുന്നില്ല. ടി സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. വരുമാനം വർദ്ധിപ്പിച്ചും ചെലവുകളിൽ മിതത്വം പാലിച്ചും നിലവിലെ പ്രതികൂല സാഹചര്യം തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു പോരുന്നത്. |

സെക്ഷൻ ഓഫീസർ